**No. P7 17463/13** **Department of Tourism**

Park View, Thiruvananthapuram 695 033
Kerala, India Fax: 0471 2322279
Email : info@keralatourism.org
www.keralatourism.org

**Date : 17/1/2014**

From

**Director**

To

**Sri. M.P Sivadattan**
**Director, Kerala Hats**
**Mavunkal, Kumbalanghi.P.O**
**Cochin-7**

Sir,

***Sub :*** *Department of Tourism –Homestay Classification Scheme-meeting-minutes forwarding – reg*

*Ref:* *Meeting held on 23rd November 2013 at Directorate of Tourism*

Minutes of the meeting related to Homestay Classification Scheme held on Saturday, the 23rd November 2013 at Directorate of Tourism, Park View, Thiruvananthapuram is enclosed herewith for information.

Yours faithfully

**Assistant Planning Officer II**
**for Director**

**കേരളത്തിലെ ഹോംസ്റ്റേ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ ഡയറക്ടറുടെ (എച്ച്) അദ്ധ്യക്ഷതയിൽ വിനോദ സഞ്ചാര വകുപ്പ് സഞ്ചാര വകുപ്പ് ഡയറക്റേറ്റിൽ വച്ച് 22/11/2013 ന് നടന്ന മീറ്റിംഗിന്റെ മിനിറ്റ്സ്**

**പങ്കെടുത്തവർ**

1. ശ്രീ. എം രഘുദാസൻ, അഡീഷണൽ ഡയറക്ടർ (എച്ച്), വിനോദ സഞ്ചാര വകുപ്പ്
2. ശ്രീ. എം എസ് വേണുഗോപാൽ, ഡെപ്യൂട്ടി ഡയറക്ടർ (പി & പി), വിനോദ സഞ്ചാര വകുപ്പ്
3. ശ്രീ. ജെയ്സൺ മാത്യു, എറണാകുളം ജില്ലാ സെക്രട്ടറി, കേരള ഹാറ്റ്സ്
4. ശ്രീ. രാജു എരശ്ശേരിൽ, ആലപ്പുഴ ജില്ലാ സെക്രട്ടറി, കേരള ഹാറ്റ്സ്
5. ശ്രീ. എസ് സോമൻ, പ്രസിഡന്റ്, കേരള ഹാറ്റ്സ്
6. ശ്രീ. പ്രദീപ്കുമാർ, പുഷ്പകം ഹോംസ്റ്റേ, തിരുവനന്തപുരം
7. ശ്രീ. പി സുകേശൻ, എസ് റ്റി ഭവൻ ഹോംസ്റ്റേ, കോവളം

കേരളത്തിലെ ഹോംസ്റ്റേ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച് ചെയ്യുന്നതിനായി വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ ഡയറക്ടർ (എച്ച്) ന്റെ അദ്ധ്യക്ഷതയിൽ കേരള ഹാറ്റ്സ് പ്രതിനിധികളുമായി വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറേറ്റിൽ 22/11/2012 രാവിലെ 11 മണിക്ക് നടന്ന മീറ്റിംഗിൽ കൈക്കൊണ്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ നടപടിക്കുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ആവശ്യമായ ഭേദഗതികൾ വരുത്തി ഉത്തരവ് നൽകുന്നതിന് സർക്കാരിലേക്ക് പ്രൊപ്പോസൽ വിനോദ സഞ്ചാര വകുപ്പിൽ നിന്നും നൽകുന്നതാണ്.
2. ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി 2 വർഷത്തിൽ നിന്നും 5 വർഷമായി ഉയർത്തണമെന്ന ആവശ്യം പരിശോധിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാരിന് വിനോദ സഞ്ചാരവകുപ്പ് നൽകുന്നതാണ്.
3. ഹോംസ്റ്റേ ക്ലാസിഫിക്കേഷനുള്ള അപേക്ഷകർ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സാധ്യത വിനോദ സഞ്ചാര വകുപ്പ് പരിശോധിക്കുന്നതാണ്.
4. വിനോദ സഞ്ചാര വകുപ്പിൽ നിന്നും ക്ലാസിഫിക്കേഷൻ ലഭിച്ച ഹോംസ്റ്റേ യൂണിറ്റുകളുടെ വിവരം ഡിജിപി യെ വിനോദ സഞ്ചാര വകുപ്പ് അറിയിക്കുന്നതാണ്.
5. ഹോംസ്റ്റേകൾക്ക് ഏകനികുതി സമ്പ്രദായം ഏർപ്പെടുത്തണമെന്ന ആവശ്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുവാൻ പ്രപ്പോസൽ വകുപ്പ് നിർദ്ദേശം വിനോദ സഞ്ചാര വകുപ്പ് സർക്കാരിന് നൽകുന്നതാണ്.
6. ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ കമ്മറ്റിയിൽ ഹോംസ്റ്റേ അസ്സോസിയേഷന്റെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തണമെന്ന് കേരള ഹാറ്റ്സ് പ്രതിനിധികളുടെ ആവശ്യം ക്ലാസിഫിക്കേഷൻ ഉത്തരവ് ഭേദഗതി ചെയ്യുവാൻ സർക്കാരിലേക്ക്

നൽകുന്ന പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്നത് വിനോദ സഞ്ചാര വകുപ്പ് പരിഗണിക്കുന്നതാണ്.

7. വിനോദ സഞ്ചാര വകുപ്പ് സംഘടിപ്പിക്കുന്ന വിദേശ റോഡ് ഷോകളിൽ ഹോംസ്റ്റേ അസ്സോസിയേഷൻ പ്രതിനിധികളെ സബ്സിഡിയോടെ പങ്കെടുപ്പിക്കണമെന്നുള്ള ആവശ്യം പരിശോധിച്ച് തുടർ നടപടി വകുപ്പ് സ്വീകരിക്കുന്നുതാണ്.
8. നിലവിൽ ഹോംസ്റ്റേകൾക്ക് ബാധകമായ കൊമേഴ്സ്യൽ വാട്ടർ ചാർജ്ജിൽ ഇളവ് വരുത്തുന്നതിനുള്ള സാധ്യത കേരള വാട്ടർ അതോറിറ്റിയോട് വകുപ്പ് ആരായുന്നതാണ്.
9. നിലവിലുള്ള ടാക്സിന്റെ 25 ശതമാനത്തിലധികം ഓരോവർഷവും വർദ്ധിപ്പിക്കരുതെന്ന നിർദ്ദേശം തദ്ദേക സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന കാര്യം വകുപ്പ് പരിശോധിക്കുന്നതാണ്.

**അഡീഷണൽ ഡയറക്ടർ (എച്ച്)**